കേരള പോലീസ്
KERALA POLICE

ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
തിരുവനന്തപുരം റൂറൽ,
തീയതി: 24.08.2020

# <u>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ ഉപന്യാസ മത്സരത്തിലെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തി.</u>

പൊതുജന പങ്കാളിത്തത്തോട് കൂടി തിരുവനന്തപുരം റൂറൽ പോലീസ് നടത്തി വരുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിലെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഇന്ന് (24/08/2020) നടത്തി. " ഐ ആം കോവിഡ് വാരിയർ "എന്ന തലക്കെട്ടോട് കൂടി തിരഞ്ഞെടുത്ത സ്കൂളിലെ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർഥികളെ ഉൾപ്പെടുത്തി 17-08-2020 തീയതിയാണ് റേഞ്ച് ഡി.ഐ.ജി ശ്രീ. സഞ്ജയ് കുമാർ ഗുരുഡിൻ ഐ.പി.എസിന്റെ മേൽനോട്ടത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിച്ചത്. മത്സരത്തിൽ തിരുവനന്തപുരം റൂറൽ ജില്ലയിലെ 260 സ്കൂളുകളിൽ നിന്നും 62256 വിദ്യാർത്ഥികൾ പങ്കെടുത്തു. കോവിഡ് മാനദണ്ഡം പാലിച്ച്കൊണ്ട് ഉപന്യാസ മത്സരം മുതലുള്ള എല്ലാ പരിപാടികളും ഓൺലൈൻ മുഖാന്തിരമാണ് സംഘടിപ്പിച്ചിരുന്നത്.

ഉപന്യാസ മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപകരുൾപ്പെട്ട സമിതിയാണ് വിജയികളെ തെരഞ്ഞെടുത്തത്. ഓരോ സ്കൂളുകളിൽ നിന്നും വിജയികളായി തെരഞ്ഞെടുക്കപ്പെട്ട പത്ത് വിദ്യാർത്ഥികൾക്ക് വീതം ആകെ 2600 പേർക്കാണ് ഇന്ന് (24/08/2020) സർട്ടിഫിക്കറ്റ് വിതരണം ചെയ്തത്. വിജയികളെ കൂടാതെ മത്സരത്തിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളെയും ഡി.ഐ.ജി ശ്രീ. സഞ്ജയ് കുമാർ ഗുരുഡിൻ ഐ.പി.എസ് , റൂറൽ എസ്.പി. ശ്രീ.അശോകൻ ഐ.പി.എസ് എന്നിവർ അനുമോദിച്ചു. വരും ദിവസങ്ങളിൽ തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജന പങ്കാളിത്തത്തോട് കൂടി വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്നും ഡി.ഐ.ജി അറിയിച്ചു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത് വഴി വിദ്യാർത്ഥികൾക്കിടയിൽ ഈ മഹാമാരിക്കെതിരെയുള്ള അവബോധം വളർത്താൻ സാധിക്കുമെന്നുള്ളതും ,കൂടാതെ വിദ്യാർത്ഥികൾ മുഖേന വീട്ടിലുള്ള മാതാപിതാക്കളെയും മുതിർന്നവരെയും പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുവാൻ സാധിക്കും എന്ന ലക്ഷ്യവും ഇതിന് പിന്നിലുണ്ട്. റേഞ്ച് ഡി.ഐ.ജി ശ്രീ. സഞ്ജയ് കുമാർ ഗുരുഡിൻ ഐ.പി.എസിന്റെ മേൽനോട്ടത്തിൽ റൂറൽ എസ്.പി. ശ്രീ.അശോകൻ ഐ.പി.എസ്, അഡിഷണൽ എസ്.പി ശ്രീ . ബിജുമോൻ ഇ.എസ് , കോവിഡ് കൺട്രോൾ റൂം ഡി.വൈ.എസ്.പി പ്രമോദ് കുമാർ എന്നിവരാണ് മത്സരം സംഘടിപ്പിച്ചത്.

പൊതുജന പങ്കാളിത്തത്തോട് കൂടി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തിരുവനന്തപുരം റൂറൽ ജില്ലയിൽ നടപ്പിലാക്കണം എന്ന റേഞ്ച് ഡി.ഐ.ജി ശ്രീ. സഞ്ജയ് കുമാർ ഗുരുഡിൻ ഐ.പി.എസിന്റെ ആശയത്തിന്റെ ഭാഗമായാണ് ഇത്തരത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിച്ചത്.





വിജയികൾക്കുള്ള സിർട്ടിഫിക്കറ്റ് വിതരണം നടത്തുന്നു.